# പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.583 11.11.2021 ൽ മറുപടിയ്ക്ക്

**ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്ഥാപനം**

ചോദ്യം

ശ്രീ. ഡി.കെ. മുരളി
ശ്രീമതി. യു. പ്രതിഭ
ശ്രീ. കെ.കെ. രാമചന്ദ്രൻ
ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ

മറുപടി

ഡോ.ആർ.ബിന്ദു
(ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ബൗദ്ധിക വെല്ലുവിളി നേരിടുന്ന അഗതികളോ നിരാശ്രയരോ ആയ കുട്ടികളുടെ സംരക്ഷണം, പരിശീലനം, പുനരധിവാസം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യ നീതി വകുപ്പിൽ പ്രത്യേക സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ)ഉണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പിനു കീഴിൽ Home for Mentally Deficient Children ( HMDC) എന്ന സ്ഥാപനം കോഴിക്കോട് ജില്ലയിൽ പ്രവർത്തിയ്ക്കുന്നു. അഞ്ചു വയസ്സു മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കാണ് സ്ഥാപനത്തിൽ പ്രവേശനം അനുവദിയ്ക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ പ്രവേശിപ്പിക്കാവുന്ന താമസക്കാരുടെ എണ്ണം 50 ആണ്. നിലവിൽ സ്ഥാപനത്തിൽ 35 പേരാണ് താമസക്കാരായിട്ടുള്ളത്. ഈ സ്ഥാപനം സാമൂഹ്യനീതി വകുപ്പിലെ ഗ്രേഡ് I ക്ഷേമസ്ഥാപനത്തിൽ ഉൾപ്പെട്ടതാണ്. |
| (ബി) പ്രസ്തുത സ്ഥാപനത്തെ നവീകരിച്ച് മാതൃകാ സ്ഥാപനമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്; വിശദമാക്കുമോ; | (ബി) Home for Mentally Deficient Children (HMDC)യെ മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിനായി 25.11.2019 ലെ സ.ഉ(സാധാ)നം.755/2019/ സാ.നീ.വ പ്രകാരം 90,74,580/- രൂപ |

ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുകയും പ്രസ്തുത സ്ഥാപനത്തെ നവീകരിച്ച് മാതൃകാസ്ഥാപനമായി ഉയർത്തുകയും നവീകരിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 11-02-2021 ന് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ പുനരധിവാസം സാദ്ധ്യമാക്കുന്നതിനായി ഭക്ഷണം, വ്യായാമം, തൊഴിൽ, പരിശീലനം, വിശ്രമം, വിജ്ഞാനം, തെറാപ്പികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയാണ് സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തിയത്. മൂന്ന് ഘട്ടങ്ങളിലായുള്ള നവീകരണ പ്രവർത്തനങ്ങളാണ് സ്ഥാപനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത് . അതിൽ ചുവടെ പറയുന്ന ഒന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

1. സ്ഥാപനത്തിന്റെ കെട്ടിടവും പരിസരവും നവീകരിച്ചിട്ടുണ്ട്.
2. ശിശു സൗഹൃദമായ ചുറ്റുപാടുകൾ ഒരുക്കുന്നതിനായി കെട്ടിടത്തിലും മതിലിലും ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്.
3. കുട്ടികൾക്കായി അതിമനോഹരമായ ഒരു പുൽത്തകിടിയും പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്.
4. സ്ഥാപനത്തിനുള്ളിൽ മനോഹരമായ കളിസ്ഥലം ഒരുക്കിയിട്ടുണ്ട്.
5. കുട്ടികളുടെ ഡൈനിംഗ് ഹാൾ പുതിയ ഫർണിച്ചറുകളോടെയും പെയിന്റുകളോടെയും ഭംഗിയും വൃത്തിയും സൗകര്യവും ഉള്ളതായി

| | |
|---|---|
| | മാറ്റിയിട്ടുണ്ട്. HMDCയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 44,98,013/- രൂപ (നാൽപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി പതിമൂന്ന് രൂപ മാത്രം) ചെലവഴിക്കുന്നതിന് 10.8.2021 ലെ സ.ഉ (പി )നം 15/2021/സാനീവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനത്തിൽ കുട്ടികളുടെ പരിചരണത്തിനായി അതത് മേഖലകളിലെ പ്രഗൽഭരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ഉണ്ട്. സാമൂഹ്യനീതി വകുപ്പിലെ കെയർ ഹോം സൂപ്രണ്ട് ഗ്രേഡ് I, ഗസറ്റഡ് തസ്തികയിലെ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് സ്ഥാപനം പ്രവർത്തിയ്ക്കുന്നത്. പ്രസ്തുത സ്ഥാപനത്തിലെ കുട്ടികളുടെ പരിചരണത്തിനായി സാമൂഹ്യനീതി വകുപ്പിൽ നിന്നും 13 ജീവനക്കാർ സേവനമനുഷ്ഠിയ്ക്കുന്നു. അതിൽ കുട്ടികളുടെ പരിചരണത്തിനായി സൃഷ്ടിയ്ക്കപ്പെട്ട സ്പെഷ്യൽ ടീച്ചർ, നഴ്സറി ടീച്ചർ, ആയ എന്നീ തസ്തികകളിലെ ജീവനക്കാരും ഉൾപ്പെടുന്നു. Hindustan Latex Family Planning Promotion Trust (HLFPPT) -ൽ നിന്നും ബന്ധപ്പെട്ട മേഖലയിൽ പ്രാവീണ്യമുള്ള തസ്തികകൾ ഉൾപ്പെടെ ചുവടെ ചേർത്തിരിയ്ക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>1. പീഡിയാട്രീഷൻ/ ജനറൽ ഡോക്ടർ<br>2. സൈക്യാട്രിസ്റ്റ്<br>3. റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്<br>4. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്<br>5. ആയ |

| | |
|---|---|
| | 6. നഴ്സ്<br>7. ന്യൂട്രീഷനിസ്റ്റ്<br>8. ഹൗസ് കീപ്പർ<br>9. സ്പെഷ്യൽ എഡ്യൂക്കേറ്റർ<br>10. ഫിസിയോ തെറാപ്പിസ്റ്റ്<br>11. സ്പീച്ച് തെറാപ്പിസ്റ്റ്<br>12. യോഗ ഇൻസ്ട്രക്ടർ<br>കൂടാതെ കുട്ടികളുടെ പരിചരണത്തിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന കരാർ വ്യവസ്ഥയിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

Jasmin Thomas

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പിനു കീഴിൽ കോഴിക്കോട് ജില്ലയിൽ വെള്ളിമാട്കുന്നിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനമാണ് Home for Mentally Deficient Children (HMDC). അഞ്ചു വയസ്സു മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കാണ് സ്ഥാപനത്തിൽ പ്രവേശനം അനുവദിയ്ക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ പ്രവേശിപ്പിക്കാവുന്ന താമസക്കാരുടെ അംഗീകൃത കേഡർ സ്ട്രെങ്ത് 50 ആണ്. നിലവിൽ സ്ഥാപനത്തിൽ 35 പേരാണ് താമസക്കാരായിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പിലെ ഗ്രേഡ് I ക്ഷേമസ്ഥാപനത്തിൽ ഉൾപ്പെട്ട HMDC യിൽ കുട്ടികളുടെ പരിചരണത്തിനായി സൃഷ്ടിയ്ക്കപ്പെട്ട തസ്തികകൾ ഉൾപ്പെടെ 13 സ്ഥിരം ജീവനക്കാർ സേവനമനുഷ്ഠിയ്ക്കുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളെ മാതൃകാസ്ഥാപനങ്ങളായി ഉയർത്തുന്നതിനായി സർക്കാർ തലത്തിൽ തീരുമാനിച്ചിരുന്നു. വൃദ്ധസദനങ്ങൾ, ഭിന്നശേഷി സ്ഥാപനങ്ങൾ എന്നിവയെ ഘട്ടം ഘട്ടമായി നവീകരിക്കുന്നതിന്റെ ആദ്യപടിയായി HMDC യെ നവീകരിച്ച് മാതൃകാസ്ഥാപനമായി ഉയർത്തുവാൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി.

HMDC യെ മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിനായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ HLFPPT സമർപ്പിച്ച പ്രൊപ്പോസൽ സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശുപാർശ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും സ.ഉ(സാധാ)നം. 755/2019/സാ.നീ.വ തീയതി: 25.11.2019 പ്രകാരം HLFPPT -യുടെ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ടും, പദ്ധതി ചെലവിലേയ്ക്കായി

ചുവടെ ചേർക്കും പ്രകാരം 90,74,580/- രൂപ 2235-02-001-96(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു.

| Annual Budget for Home for the Specially abled | | | | | | |
|---|---|---|---|---|---|---|
| Sl.No | Item | Units | Unit cost | Month/days | Amount | |
| 1.1 | Center in Charges(existing superintendent) | 1 | | | 1 | |
| 1.2 | Pediatrician/General Doctor | 1 | 5,000 | 16 | 80000 | Monthly 2 visits for 8 months |
| 1.3 | Psychiatrist | 1 | 4,500 | 16 | 72,000 | |
| 1.4 | Rehabilitation Psychiatrist | 1 | 30,000 | 12 | 3,60,000 | |
| 1.5 | Occupational Therapist | 1 | 30,000 | 9 | 2,70,000 | |
| 1.6 | Aaya | 3 | | | | |
| 1.7 | Nurse | 2 | 20,000 | 9 | 3,60,000 | |
| 1.8 | Nutritionist | 1 | 2,000 | 8 | 16,000 | Monthly 1visit for |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 8 months |
| 1.9 | House Keeping | 3 | 15,000 | 9 | 4,05,000 | |
| 1.10 | Special Educator | 2 | 30,000 | 9 | 5,40,000 | |
| 1.11 | Physiotherapist | 1 | 20,000 | 9 | 1,80,000 | |
| 1.12 | Speech Therapist | 1 | 25,000 | 9 | 2,25,000 | |
| 1.13 | Yoga Instructor | 1 | 5000 | 9 | 45,000 | |
| | **Total HR Cost** | **25,53,000** | | | | |
| 2 | **Programme Expense** | | | | | |
| 2.1 | Refurbishment of the building Landscaping & Interiors | 1 | 5,000,000 | 1 | 51,04,680 | Budgeted approximately. Exact figures to be finalized after DPR |
| 2.2 | Medicines | 1 | 10,000 | 9 | 90,000 | |
| 2.3 | Mental Assessm | 1 | 5,00,000 | 1 | 5,00,000 | Budgeted |

| | | | | | | |
|---|---|---|---|---|---|---|
| | ent Equipments | | | | | approximately. Exact figures to be finalized after DPR |
| 2.4 | OPD Cards and Report Files | Lump Sum | | | 50,000 | |
| 2.5 | Other Medical Requirement (emergency fund) | Lump Sum | | | 1,00,000 | |
| 2.6 | Basic Requirements for Beneficiaries | Lump Sum | | | 3,00,000 | |
| 2.7 | Maintenance cost of Home | 1 | 5,000 | 8 | 40,000 | |
| 2.8 | Miscellaneous Expenses | 1 | 5,000 | 8 | 40,000 | |
| 2.9 | Vocational | 1 | 10,000 | 8 | 80,000 | |

| | | | | | | |
|---|---|---|---|---|---|---|
| | Trainings | | | | | |
| 2.10 | Festival Celebration/Outings | 4 | 20,000 | 1 | 80,000 | |
| 2.11 | Local Traveling | | 3,000 | 12 | 36,000 | |
| | **Total Programme Cost** | **60,20,680** | | | | |
| 3 | **Admin Expenses** | | | | | |
| 3.1 | Office Administration including staff travel | | 10,000 | 12 | 1,20,000 | |
| 3.2 | Staff Capacity Building | 1 | 20,000 | 1 | 20,000 | |
| | **Total Admin Cost** | **1,40,000** | | | | |
| | **Total Cost** | **87,13,680** | | | | |
| 4 | Project Management Fee @10% of total cost | 3,60,900 | | | | |

| | | | |
|---|---|---|---|
| | (Except Capex) | | |
| 5 | **Grand Total** | **90,74,580** | |

സ്ഥാപനത്തിൽ Hindustan Latex Family Planning Promotion Trust (HLFPPT) മുഖേന നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥാപനത്തെ മാതൃകാ സ്ഥാപനമായി ഉയർത്തിയതായി ബഹു സാമൂഹ്യനീതി വകുപ്പ് മന്ത്രി 11-02-2021 ൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ രേഖകളിൽ സ്ഥാപനത്തിന്റെ പേര് "പുണ്യ ഭവൻ" എന്ന് മാറ്റുന്നതിനായുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കാർ അംഗീകരിച്ച HLFFPPT യുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ സ്ഥാപനത്തിൽ പൂർത്തിയായിട്ടുണ്ട്:-

1. സ്ഥാപനത്തിന്റെ കെട്ടിടവും പരിസരവും നവീകരിച്ചിട്ടുണ്ട്.

2. ശിശു സൗഹൃദമായ ചുറ്റുപാടുകൾ ഒരുക്കുന്നതിനായി കെട്ടിടത്തിലും മതിലിലും ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്.

3. കുട്ടികൾക്കായി അതിമനോഹരായ ഒരു പുൽത്തകിടിയും പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്.

4. സ്ഥാപനത്തിനുള്ളിൽ മനോഹരമായ കളിസ്ഥലം ഒരുക്കിയിട്ടുണ്ട്.

5. കുട്ടികളുടെ ഡൈനിംഗ് ഹാൾ പുതിയ ഫർണിച്ചറുകളോടെയും പെയിന്റുകളോടെയും ഭംഗിയും വൃത്തിയും സൗകര്യവും ഉള്ളതായി മാറ്റിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ സേവനം മെച്ചപ്പെടുത്തുക, കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അവരുടെ കായിക പരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുക

എന്നിവയ്ക്കായി മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. HMDC യുടെ രണ്ടാം ഘട്ട പ്രവർത്തങ്ങൾ നടത്തുന്നതിന്, സ്ഥാപനത്തിന്റെ പേര് പുണ്യഭവൻ എന്ന് ആക്കണമെന്നും ആവർത്തന ചെലവ് Hindustan Latex Family Planning Promotion Trust (HLFPPT) ന്റേതാണെന്നും 18 വയസ്സിനു മുകളിൽ പ്രായമുള്ള അന്തേവാസികളെ മാറ്റിത്താമസിപ്പിക്കണമെന്നുമുള്ള നിബന്ധകളോടെ 44,98,013/- രൂപ (നാൽപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി പതിമൂന്ന് രൂപ മാത്രം) ചെലവഴിക്കുന്നതിന് 10.8.2021 ലെ സ.ഉ (പി) നം 15/2021/സാനീവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I എന്ന ഗസറ്റഡ് തസ്തികയിലെ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് സ്ഥാപനം പ്രവർത്തിയ്ക്കുന്നത്. പ്രസ്തുത സ്ഥാപനത്തിലെ കുട്ടികളുടെ പരിചരണത്തിനായി സാമൂഹ്യനീതി വകുപ്പിൽ നിന്നും 13 ജീവനക്കാർ സേവനമനുഷ്ഠിയ്ക്കുന്നു. അതിൽ കുട്ടികളുടെ പരിചരണത്തിനായി സൃഷ്ടിയ്ക്കപ്പെട്ട സ്പെഷ്യൽ ടീച്ചർ, നഴ്സറി ടീച്ചർ, ആയ എന്നീ തസ്തികകളിലെ ജീവനക്കാരും ഉൾപ്പെടുന്നു. Hindustan Latex Family Planning Promotion Trust (HLFPPT) യിൽ നിന്നും ബന്ധപ്പെട്ട മേഖലയിൽ പ്രാവീണ്യമുള്ള തസ്തികകൾ ഉൾപ്പെടെ ചുവടെ ചേർത്തിരിയ്ക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

1. പീഡിയാട്രീഷൻ/ ജനറൽ ഡോക്ടർ
2. സൈക്യാട്രിസ്റ്റ് -
3. റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്
4. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്
5. ആയ
6. നഴ്സ്

7. ന്യൂട്രീഷനിസ്റ്റ്

8. ഹൗസ് കീപ്പർ

9. സ്പെഷ്യൽ എഡ്യൂക്കേറ്റർ

10. ഫിസിയോ തെറാപ്പിസ്റ്റ്

11. സ്പീച്ച് തെറാപ്പിസ്റ്റ്

12. യോഗ ഇൻസ്ട്രക്ടർ

കൂടാതെ കുട്ടികളുടെ പരിചരണത്തിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന കരാർ വ്യവസ്ഥയിലും താൽക്കാലിക ജീവനക്കാരെ വകുപ്പ് മുഖേന നിയമിച്ചിട്ടുണ്ട്.

Jasmin Thomas

S.O. SJD